# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.27/2112/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.27/2112/2021 തീയ്യതി: 05/02/2022

## മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2019 മുതൽ 09-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ .ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2021 | 24-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-11-2021 | 24-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രസാദ്.പി. ഓഡിറ്റ് ഓഫീസർ

ശ്രീ.അബ്ദുൾ ഗഫൂർ.സി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

ശ്രീ. ഷാജഹാൻ ഖുറൈശി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

ശ്രീ.യൂസഫ്.പി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

ശ്രീമതി. വിനീത.പി.പി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മുഹമ്മദ് ഹനീഫ.വി.സി. | പ്രസിഡന്റ് | 01-04-2020 | 18-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 19-11-2020 | 22-12-2020 |
| ശ്രീമതി. സൗമ്യ | പ്രസിഡന്റ് | 23-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നാരായണൻ.എ.എം. | അസി.സെക്രട്ടറി | 01-04-2020 | 29-07-2020 |
| ശ്രീ.മുരളീധരൻ.എ. | അസി.സെക്രട്ടറി | 30-07-2020 | 31-03-2021 |
| ശ്രീ.മുഹമ്മദ് അസലാഹ്.പി. | അസി.എഞ്ചിനീയർ | 01-04-2020 | 08-02-2021 |
| ശ്രീ.അരുൺ.വി. | അസി.എഞ്ചിനീയർ | 09-02-2021 | 31-03-2021 |
| ഡോ.അരുൺ.എം.എം. | വെറ്ററിനറി സർജൻ | 01-04-2020 | 01-07-2020 |
| ഡോ.സോമ.ടി.ജി. | വെറ്ററിനറി സർജൻ | 02-07-2020 | 24-09-2020 |
| ഡോ.ജെയ്മോൾ വർഗ്ഗീസ് | വെറ്ററിനറി സർജൻ | 25-09-2020 | 15-02-2021 |
| ഡോ.അനീഷ്യ.എസ്.എസ്. | വെറ്ററിനറി സർജൻ | 16-02-2021 | 31-03-2021 |
| ഡോ.അഞ്ജു ഉണ്ണികൃഷ്ണൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.അച്യുതാനന്ദൻ.എ.കെ. | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.മനോജ്.ടി. | വി.ഇ.ഒ | 01-04-2020 | 02-02-2021 |
| ശ്രീ.രാജ്കുമാർ.ആർ. | വി.ഇ.ഒ | 03-02-2021 | 31-03-2021 |
| ശ്രീമത.സജിത | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.മധുസൂദനൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.ഷംസാദ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി വിലാസിനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ദൃശ്യ.വി.എസ് | മെഡിക്കൽ | 01-04-2020 | 09-08-2020 |

| | | | |
|---|---|---|---|
| | ഓഫീസർ(പി.എച്ച്.സി) | | |
| ഡോ.ആഷാജലാൽ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 10-08-2020 | 31-03-2021 |
| ശ്രീ.മണികണ്ഠൻ.പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |

.

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vineetha P P (Auditor, On 28-11-2021)<br>Last Updated By: Vineetha P P (Auditor, On 28-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Shajahan Khuraisi (Asst. Audit Officer, On 19-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം(ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ)<br>Written By: Shajahan Khuraisi (Asst. Audit Officer, On 19-11-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 19-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shajahan Khuraisi (Asst. Audit Officer, On 19-11-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Shajahan Khuraisi (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 19-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Vineetha P P (Auditor, On 28-11-2021)<br>Last Updated By: Vineetha P P (Auditor, On 28-11-2021) | 1-8 |
| 9 | അഭ്യന്തര നിയന്ത്രണം<br>Written By: Vineetha P P (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shajahan Khuraisi (Asst. Audit Officer, On 19-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-10 |
| 11 | വാർഷികക്കണക്കിലെ അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-11 |
| 12 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തി OH ഈടാക്കിയില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-12 |
| 13 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തി OH ഈടാക്കിയില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 17-12-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-12-1 |
| 14 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി അടവ് കളക്ഷൻ തുക ഈടാക്കുന്നില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-13 |
| 15 | ജി.എസ്.ടി ബാധകമായ ഇനങ്ങൾക്ക് നികുതിയില്ലാത്ത ബില്ലുകൾ മുഖേന ഭക്ഷ്യവസ്തുക്കൾ വാങ്ങി<br>Written By: Yousuf.P (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-14 |
| 16 | കുടുംബാരോഗ്യ കേന്ദ്രം അടിസ്ഥാന സൗകര്യ വികസനം മാതൃകാപരം | 1-15 |

| | | |
|---|---|---|
| | Written By: Abdul.Gafoor.C (Asst. Audit Officer, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | |
| 17 | വീട് വാസയോഗ്യമാക്കൽ പദ്ധതി ഫലപ്രദമല്ല<br>Written By: Yousuf.P (Asst. Audit Officer, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-16 |
| 18 | പി.എച്ച്.സി. ഇൻറീരിയർ വർക്ക് ആൻറ് പാർട്ടീഷൻസ് പ്രവൃത്തി-അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-17 |
| 19 | കുടിവെള്ള വിതരണം-അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-18 |
| 20 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-19 |
| 21 | അധികമായി പിൻവലിച്ച 14,090 രൂപ തിരികെ ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-20 |
| 22 | ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 27-11-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 17-12-2021) | 1-21 |
| 23 | ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 17-12-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-21-1 |
| 24 | ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 17-12-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-21-2 |
| 25 | ചെമ്മലശ്ശേരി എഫ്.എച്ച്.സി. ഇൻറീരിയർ വർക്ക് പൂർത്തീകരണം--അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-22 |
| 26 | ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത്-തുക തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്-<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-23 |
| 27 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല<br>Written By: Vineetha P P (Auditor, On 29-11-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-24 |
| 28 | എസ്.എസ്.എ. വിഹിതം നൽകൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-25 |
| 29 | ചെമ്മലശ്ശേരി പി.എച്ച്.സിയിലേക്ക് മരുന്നു വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമല്ല.<br>Written By: Prasad (Audit Officer, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-26 |
| 30 | കുടിവെള്ള പദ്ധതിക്ക് വാട്ടർ ചാർജ് അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-27 |

| | | |
|---|---|---|
| 31 | താവുള്ളിത്തോട് നീർത്തട വികസന പദ്ധതി.<br>Written By: Prasad (Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-28 |
| 32 | പരിരക്ഷാ പാലിയേറ്റീവ് കെയർ-മുഴുവൻ മരുന്നുകളും ലഭ്യമല്ല-176928/- തടസ്സപ്പെടുത്തുന്നു.<br>Written By: Prasad (Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികൾ OH ഈടാക്കിയില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Prasad (Audit Officer, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Prasad (Audit Officer, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Prasad (Audit Officer, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Prasad (Audit Officer, On 23-11-2021)<br>Last Updated By: Prasad (Audit Officer, On 23-11-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Prasad (Audit Officer, On 23-11-2021)<br>Last Updated By: Prasad (Audit Officer, On 23-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Prasad (Audit Officer, On 23-11-2021)<br>Last Updated By: Prasad (Audit Officer, On 23-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Prasad (Audit Officer, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Prasad (Audit Officer, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Prasad (Audit Officer, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Prasad (Audit Officer, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 05-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Prasad (Audit Officer, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്

| 2020-21ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാന നം 1(1) തിയ്യതി 25.03.2020 | തീരുമാന നം 2(1) തിയ്യതി 17.02.21 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി |
|---|---|
| 31.07.2020 | 31.05.2021 |

## 1-3 സാമ്പത്തിക വിശകലനം(ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | വർഷം (2020-21) |
|---|---|
| മുന്നിരിപ്പ് | 10862780 |
| വരവ് | 117717321 |
| ആകെ | 128580101 |
| ചെലവ് | 110528164 |
| നീക്കിയിരിപ്പ് | 18051937 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 17801829 | 17801829 | 16467851 | 1333978 |
| വികസന ഫണ്ട് (എസ്.സി.പി) | 00 | 8513584 | 8513584 | 6437337 | 2076247 |
| വികസന ഫണ്ട് (ടി.എസ്.പി) | 00 | 123650 | 123650 | 105000 | 18650 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 00 | 13513000 | 13513000 | 13513000 | 00 |
| സംരക്ഷണ ഗ്രാന്റ്(നോൺറോഡ്) | 00 | 5037529 | 5037529 | 5035508 | 2021 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 00 | 11345117 | 11345117 | 10499277 | 845840 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 00 | 6850000 | 6850000 | 4758271 | 2091729 |
| ബി-ഫണ്ട് | 00 | 95649689 | 95649689 | 95649689 | 00 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നപ്പാക്കിയത് (എണ്ണം) | നടപ്പാത്തിവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 285 | 206242569 | 232 | 95320036 | 53 | 00 | 81.40% |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 244195 | 1195369 | 1439564 | 1431956 | 7608 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 13654734 | 13654734 | 13654734 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 00 | 00 |
| കർഷകതൊഴിലാളി പെൻഷൻ | 11781600 | 3680 |
| വിധവാ പെൻഷൻ | 31560900 | 9594 |
| വാർദ്ധക്യകാല പെൻഷൻ | 39998900 | 12828 |
| വികലാഗ പെൻഷൻ | 10246100 | 3107 |
| വിവാഹ ധനസഹായം | 210000 | 7 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1496100 | 455 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.21 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 15,491/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

1. ആസ്തികളുടെയും സ്റ്റോക്കിന്റെയും ഭൗതികപരിശോധന നടത്തിയിട്ടില്ല.
2. വസ്തു നികുതി നിർണ്ണയിക്കുന്നതിലെ അപാകം കാരണം വരുമാനനഷ്ടം പഞ്ചായത്തിൽ ഉണ്ടാവുന്നുണ്ട്.

3. സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിറ്റ്സ് കാലികമാക്കുന്നില്ല. ഉദാ:-വികസന സ്റ്റാന്റിഗ് കമ്മിറ്റിയുടെ മിനിറ്റ്സ് ഒക്ടോബർ 2020നു ചേർന്നതിനു ശേഷം പിന്നീട് മിനിറ്റ്സ് രേഖപ്പെടുത്തിയിട്ടില്ല. ആരോഗ്യ സ്റ്റാന്റിഗ് കമ്മിറ്റി അവസാനമായി ചേർന്നത് മിനിറ്റ്സ് പ്രകാരം 15.10.2020 നാണ്.

4)പദ്ധതികളുടെ രൂപികരണം മുതൽ പ്രൊജക്റ്റ് നിർവ്വഹണം വരെയുള്ള മുഴുവൻ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിയ്ക്കേണ്ട സ്റ്റാൻറിംഗ് കമ്മറ്റികളുടെ പ്രവർത്തനവും തൃപ്തികരമാവുന്നില്ല.

5. വിവിധ ക്ഷേമ പദ്ധതികളുടെ രജിസ്റ്ററുകൾ കാലികമാക്കുന്നില്ല.
6.വെറ്ററിനറി സർജൻ 2020ലെ കാഷ് ബുക്കിൽ വരവ് ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

7.ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഇൻക്യുബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.09.2021 | 2021 ഏപ്രിൽ മുതൽ ജൂലൈ വരെ | 15.09.2021 |

| | | | |
|---|---|---|---|
| എ.ജി. ഓഡിറ്റ് | 18.09.17 മുതൽ 07.10.17 | 2012 -13 മുതൽ 2016-17 | 16.11.17 |

## 1-11 വാർഷികക്കണക്കിലെ അപാകതകൾ

വാർഷികക്കണക്കിന്റെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു -

1. RP-36 ഷെഡ്യൂൾ പ്രകാരം ലൈസൻസ് ഫീസിനത്തിലുള്ള മുൻകൂർ വരവ് 1,90,690 യാണ്. എന്നാൽ B-9 ഷെഡ്യൂൾ പ്രകാരം ആയത് 1,90,990യാണ്.

2. തൊഴിൽനികുതി (ട്രേഡേഴ്സ്) ഡിമാൻറ് വാർഷികക്കണക്കിൽ 8,57,480 രൂപയും രജിസ്റ്ററിൽ ആയത് 4,54,560 രൂപയുമാണ്.

3. ഡെപ്പോസിറ്റ് രജിസ്റ്റർ വർഷം തിരിച്ച് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

4. വസ്തുനികുതി സഞ്ചയ DCB സ്റ്റേറ്റ്മെന്റ്, താഴെക്കാണം പ്രകാരം വാർഷികക്കണക്കിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു :

| | വാർഷികക്കണക്ക് പ്രകാരം | സഞ്ചയ DCB സ്റ്റേറ്റ്മെൻറ് പ്രകാരം |
|---|---|---|
| വർഷാരംഭത്തിൽ പിരിച്ചെടുക്കാനവശേഷിച്ചിരുന്ന കുടിശ്ശിക | 3,87,954 | 3,94,189 |
| തൻവർഷ കലക്ഷൻ | 56,96,682 | 57,76,636 |
| വർഷാവസാനം പിരിച്ചെടുക്കാനവശേഷിക്കുന്ന തൻവർഷ തുക | 55,904 | 59,633 |
| വർഷാവസാനം പിരിച്ചെടുക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | 22,665 | 31,906 |

5. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 18,000 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷികക്കണക്ക് പ്രകാരം ആയത് 41,000 രൂപയാണ്.

6. വാർഷികക്കണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിൽ 32,77,205 രൂപ ഉണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ആയതിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

7. ബാലൻസ് ഷീറ്റ് (B-9) പ്രകാരം 2020-21 ൽ 37,456രൂപ Stale Cheque ബാധ്യത നില നിൽക്കുന്നു. പ്രസ്തുത ചെക്കുകൾ റീ വാലിഡേറ്റ് ചെയ്ത് തുക പിൻവലിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

8. അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (റിലീഫ് ഫണ്ട്), എസ്.ബി.ഐ. പെരിന്തൽമണ്ണ (എസ്.എസ്.എ), SMGB (സാക്ഷരത) എന്നീ പണമിടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ സംയുക്ത പദ്ധതിക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 3,13,934/- രൂപ 2019-20, 2020-21 വർഷങ്ങളിൽ നീക്കിയിരിപ്പുണ്ട്. ആയത് ഏതൊക്കെ പദ്ധതികൾ പ്രകാരമുള്ള നീക്കിയിരിപ്പാണ് എന്നത് വിശദീകരിക്കേണ്ടതാണ്.

10. B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള NREGS, TSC, എന്നീ ഇനങ്ങൾ ഒഴികെയുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

11. ലോൺ രജിസ്റ്ററിൽ സംഗ്രഹം എഴുതിയിട്ടില്ലാത്തതിനാൽ B-5, RP- 32 എന്നിവ പ്രകാരമുള്ള തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

12. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

13. ലഡ്ജർ ട്രയൽ ബാലൻസിലെ Closing Balance ൽ Debit കോളത്തിലും Credit കോളത്തിലും തുകകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-12 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തി OH ഈടാക്കിയില്ല.

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 5% തുക മുഴുവനായും കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് വഴി ഗ്രാമ പഞ്ചായത്തിന് 4464രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ ഈ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വാറ്റ് ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്. ഇത്തരത്തിൽ ഗുണഭോക്തൃ സമിതിക്ക് അന്യായമായി തുക അനുവദിക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 5% തുക ഒഴിവാക്കിയാണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. ഈ ഇനത്തിൽ അധികം നൽകിയ തുക ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്ന് ഈടാക്കിയതായി കാണുന്നില്ല..
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | ബാക്കി |
|---|---|---|---|---|
| വളപുരം യു.പി സ്കൂൾ കിണർ നവീകരണം (315/21) അടങ്കൽ -100000 ഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് ബിൽ നം.145/12.1.21 തുക 100000 അളവ് പുസ്തകം 208/19-20 കൺവീനർ ശ്രീ.അച്യുതൻ എ.കെ | 89285 (GST ഒഴിവാക്കിയ തുക) | 4464 (5%) | 0 | 4464 |

തുക ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.8/22.11.21 ന് 1.3.2019 ലെ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 18/2019/fin സർക്കുലറിന്റെ അടിസ്ഥാനത്തിൽ DSR 2016 നിരക്കിൽ VAT Component ഒഴിവാക്കിയ കോസ്റ്റ് ഇൻഡക്സ് ആണ് 31.06 എന്ന മറുപടിയാണ് ലഭ്യമാക്കിയത്.ചുവടെ കാണിച്ച കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

27.2.2016ലെ GO(P) 30/2016 നമ്പർ ഉത്തരവ് പ്രകാരമാണ് കൺവീനർമാർക്ക് 7.5% ഓവർഹെഡ് അനുവദിച്ച് ഉത്തരവായത്. പ്രസ്തുത ഉത്തരവിൽ കൺവീനർമാർ നൽകേണ്ട നികുതികൾ പ്രസ്തുത തുകയിൽ നിന്നും ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയാണ് കൺവീനർമാർ അടവാക്കേണ്ടത്. 01.07.2017 ന് ശേഷം GST നിലവിൽ വന്നതിനാൽ ഇപ്പോൾ വാറ്റ് അടവാക്കേണ്ടതില്ലെന്നും വാറ്റ് അടവാക്കാനായി വകയിരുത്തിയ 5% തുക കുറവ് ചെയ്ത് കൺവീനർമാർക്ക് തുക നൽകിയാൽ മതിയെന്ന് ചീഫ് എഞ്ചിനീയർ 16.3.2018ലെ കത്തിൽ വ്യക്തമാക്കിയതാണ്. ഈ പ്രവൃത്തിയുടെ കൺവീനർ GST രജിസ്ട്രേഷൻ എടുത്തിട്ടുള്ളതിനാൽ 12% തുക മൂല്യ നിർണ്ണയ തുകയോടൊപ്പം കൺവീനർക്ക് നൽകിയിട്ടുള്ളതുമാണ്.

OH നു പുറമെ GST 12% കൂടി അനുവദിക്കുന്നതിനാൽ മറുപടി സ്വീകാര്യമല്ല. തുക ഉത്തരവാദിയായവരിൽ നിന്ന്

ഈടാക്കേണ്ടതാണ്.

## 1-12-1 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തി OH ഈടാക്കിയില്ല.

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 5% തുക മുഴുവനായും കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് വഴി ഗ്രാമ പഞ്ചായത്തിന് 30245രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ ഈ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വാറ്റ് ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്. ഇത്തരത്തിൽ ഗുണഭോക്തൃ സമിതിക്ക് അന്യായമായി തുക അനുവദിക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 5% തുക ഒഴിവാക്കിയാണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. ഈ ഇനത്തിൽ അധികം നൽകിയ തുക ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്ന് ഈടാക്കിയതായി കാണുന്നില്ല..
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | ബാക്കി |
|---|---|---|---|---|
| പൊട്ടിപ്പാറ അംഗൻവാടി നിർമ്മാണം(66/21) അടങ്കൽ -1050000 ഫണ്ട് ബ്ളോക്ക്-500000 തനത് -550000<br>ആകെ തുക -668436<br>ബിൽ 109/24.8.20 തുക 315427<br>ബിൽ 185/20.1.21 തുക 184573<br>ചെക്ക് നം.1012747 തുക 168436 | 604901 (GST ഒഴിവാക്കിയ തുക) | 30245 | 0 | 30245 |

തുക ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.8/22.11.21 ന് 1.3.2019 ലെ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 18/2019/fin സർക്കുലറിന്റെ അടിസ്ഥാനത്തിൽ DSR 2016 നിരക്കിൽ VAT Component ഒഴിവാക്കിയ കോസ്റ്റ് ഇൻഡക്സ് ആണ് 31.06 എന്ന മറുപടിയാണ് ലഭ്യമാക്കിയത്.ചുവടെ കാണിച്ച കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

27.2.2016ലെ GO(P) 30/2016 നമ്പർ ഉത്തരവ് പ്രകാരമാണ് കൺവീനർമാർക്ക് 7.5% ഓവർഹെഡ് അനുവദിച്ച് ഉത്തരവായത്. പ്രസ്തുത ഉത്തരവിൽ കൺവീനർമാർ നൽകേണ്ട നികുതികൾ പ്രസ്തുത തുകയിൽ നിന്നും ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയാണ് കൺവീനർമാർ അടവാക്കേണ്ടത്. 01.07.2017 ന് ശേഷം GST നിലവിൽ വന്നതിനാൽ ഇപ്പോൾ വാറ്റ് അടവാക്കേണ്ടതില്ലെന്നും വാറ്റ് അടവാക്കാനായി വകയിരുത്തിയ 5% തുക കുറവ് ചെയ്ത് കൺവീനർമാർക്ക് തുക നൽകിയാൽ മതിയെന്ന് ചീഫ് എഞ്ചിനീയർ 16.3.2018ലെ കത്തിൽ വ്യക്തമാക്കിയതാണ്. ഈ പ്രവൃത്തിയുടെ കൺവീനർ GST രജിസ്ട്രേഷൻ എടുത്തിട്ടുള്ളതിനാൽ 12% തുക മൂല്യ നിർണ്ണയ തുകയോടൊപ്പം കൺവീനർക്ക് നൽകിയിട്ടുള്ളതുമാണ്.

OH ന പുറമെ GST 12% കൂടി അനുവദിക്കുന്നതിനാൽ മറുപടി സ്വീകാര്യമല്ല. തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-13 നിർമ്മാണ തൊഴിലാളി ക്ഷേമനിധി അടവ് കളക്ഷൻ തുക ഈടാക്കുന്നില്ല

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. മരാമത്ത് ബില്ലുകൾ പാസ്സാക്കുന്നതോടൊപ്പം തന്നെ നികുതികൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ഈയിനത്തിലുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്കും ട്രാൻസ്ഫർ ചെയ്യുന്ന തരത്തിൽ പല ഗ്രാമപഞ്ചായത്തുകളിലും തുടരുന്ന രീതി സ്വീകരിച്ചുകൊണ്ട് പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ജി.എസ്.ടി ബാധകമായ ഇനങ്ങൾക്ക് നികുതിയില്ലാത്ത ബില്ലുകൾ മുഖേന ഭക്ഷ്യവസ്തുക്കൾ വാങ്ങി

നിർവ്വഹണോദ്യോഗസ്ഥൻ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് - 20/21 അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം

22/21 അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം(എസ്.സി.പി)

പദ്ധതിയുടെ ഭാഗമായി പെരിന്തൽമണ്ണ പട്ടികജാതി സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും വിവിധ ബില്ലുകൾ പ്രകാരം ഭക്ഷ്യസാധനങ്ങൾ വാങ്ങിയിട്ടുണ്ട്. സപ്ലൈക്കോയുടെ വിലയിൽ അധികരിക്കുന്നില്ല എന്ന് ബോധ്യപ്പെടുത്തുന്നതിന് ഏതാനും ഇൻവോയ്സുകളുടെ കൂടെ മറ്റു ഗ്രാമ പഞ്ചായത്തുകളിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് അനുവദിച്ച സപ്ലൈക്കോ ബിൽ പകർപ്പുകളും മറ്റു ഇൻവോയ്സുകളുടെ കൂടെ സപ്ലൈക്കോയിൽ നിന്നുള്ള സാമ്പിൾ പർച്ചേസ് ബിൽ പകർപ്പുകളും ചേർത്ത് വച്ചിട്ടുണ്ട്. ബൾക്ക്/ ഐ.സി.ഡി.എസ്. റേറ്റ് പ്രകാരമുള്ള ബിൽ പകർപ്പുകൾ അല്ല ചേർത്ത് വച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് ഭക്ഷ്യവസ്തുക്കൾ വാങ്ങിയ സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ (GSTIN:32AAFASS423F1ZT) ബില്ലുകളിൽ സപ്ലൈക്കോ ബില്ലുകളിൽ നികുതി ഉൾപ്പെടുന്ന നുറുക്ക് ഗോതമ്പ് ,റാഗിപ്പൊടി, റാഗി(ബോൾ) ഇനങ്ങളിൽ നികുതി ഉൾപ്പെടുകാണുന്നില്ല. സൊസൈറ്റിയുടെ ബില്ലുകൾ കമ്പ്യൂട്ടർ ജനറേറ്റഡ് അല്ലാത്തതും ഭക്ഷ്യവസ്തുക്കളുടെ HSN/SAC കോഡ് രേഖപ്പെടുത്താത്തവയുമാണ്.

ചെക്ക് നം : 230594/06.12.2021 :8,16,584/- (Toപെരിന്തൽമണ്ണ പട്ടികജാതി സർവീസ് കോഓപ്പറേറ്റീവ് സൊസൈറ്റി- 355341/-+ അമൃതം ഫുഡ്സ് 459503/-+WBNPഅരി ട്രാൻസ്പോർട്ട് 1740/-)

ഫണ്ട് : തനത് ഫണ്ട്

ഇൻവോയ്സ് : 164/03.9.20 തുക -355341

| ഇനം | തൂക്കം | നിരക്ക് | ജി.എസ്.ടി | വില |
|---|---|---|---|---|
| നുറുക്ക് ഗോതമ്പ് (Sun Brand) | 4050 Kg | 47.00 | | 190350-00 |
| ശർക്കര (Mryr Sun Brand) | 327Kg | 56.00 | | 18312-00 |
| അവിൽ(500gm Pkd) | 475Kg | 65.00 | | 30875-00 |
| ചെറുപയർ | 263Kg | 97.00 | | 25511-00 |
| നിലക്കടല | 145Kg | 125.00 | (453.12+453.12) | 19031-00 |
| റാഗിപ്പൊടി | 106 Kg | 59.00 | | 6254-00 |
| ഉഴുന്ന് | 33Kg | 90.00 | | 2970-00 |
| പൊട്ടുകടല | 34 Kg | 75.00 | | 2550-00 |
| റാഗി | 1480Kg | 35.00 | | 51800-00 |
| അരി (കുറുവ) | 25Kg | 30.00 | | 750.00 |
| Total | | | | 348403-00 |
| Total Amount Before Tax | | | | 347497-00 |

| | | |
|---|---|---|
| ജി.എസ്.ടി (995+606.24) | (453.12+453.12) | 906-00 |
| ട്രാൻസ്പോർട്ടേഷൻ ചാർജ് | | 6938-00 |
| ആകെ | | 355341-00 |

ജി.എസ്.ടി ഉൾപ്പെടാതെ വസ്തുക്കൾ വാങ്ങുന്നതിനാൽ ടി.ഡി.എസ് നടത്താതെ തുക അനുവദിക്കുന്നതിനും ഇടയാകുന്നു.

151/05.5.20 :228066/-, 155/01.07.20:366478/-, 180/03.12.20:422359/-, 188/17.08.02.21:269210/-,എന്നീ ഇൻവോയ്സുകളിലും ജി.എസ്.ടി ബാധകമായ നുറുക്ക്ഗോതമ്പ്,റാഗി എന്നിവയുണ്ട്.

ജി.എസ്.ടി.ഉൾപ്പെടാത്ത സൊസൈറ്റിയുടെ ബില്ലുകൾക്ക് ജി.എസ്.ടി. ഉൾപ്പെടുന്ന സപ്ലൈക്കോയുടെ ബില്ലുകളുമായി താരതമ്യം നടത്തിയത് സംബന്ധിച്ചും സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെയും സപ്ലൈക്കോയുടെയും ബില്ലുകളിൽ പ്രസ്തുത ഭക്ഷ്യവസ്തുക്കളുടെ ജി.എസ്.ടി സംബന്ധിച്ച് വൈരുദ്ധ്യം വരാനിടയായ സാഹചര്യം സംബന്ധിച്ചും HSN/SAC കോഡ് രേഖപ്പെടുത്താത്ത ഇൻവോയ്സുകൾ പ്രകാരം പേയ്മെന്റ് നടത്തിയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/23.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 കുടുംബാരോഗ്യ കേന്ദ്രം അടിസ്ഥാന സൗകര്യ വികസനം മാതൃകാപരം

ചെമ്മലശ്ശേരിയിൽ പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രം അടിസ്ഥാന സൗകര്യ വികസനത്തിനായി 19-20,20-21 വർഷങ്ങളിൽ താഴെ പറയും പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി | തുക | ഫണ്ട് |
|---|---|---|---|
| 1 | ഫാർമസി നിർമ്മാണം(307/20) | 58822<br>349072 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>തനത് ഫണ്ട് |
| 2 | ഫീഡിംഗ് റൂം നിർമ്മാണം(356/20)<br>,, (28/21) | 100000<br>42000<br>812190 | തനത് ഫണ്ട്<br>മെയിന്റനൻസ് ഗ്രാന്റ്<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 3 | കെട്ടിട നിർമ്മാണം(357/20)<br>,, (29/21) | 800706<br>1400000<br>98491<br>199294 | അവാർഡ് തുക<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>തനത് ഫണ്ട്<br>അവാർഡ് തുക |
| 4 | റൂഫ് പ്രൊട്ടക്ഷനും ആർച്ച് നവീകരണവും(185/21) | 124724 | മെയിന്റനൻസ് ഗ്രാന്റ് |
| 5 | പെയിന്റിംഗ് (212/21) | 490000 | മെയിന്റനൻസ് ഗ്രാന്റ് |
| 6 | ഇന്റർ ലോക്ക് വിരിക്കൽ(153/21) | 100000<br>150000 | തനത് ഫണ്ട്<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 7 | ഗ്രിൽ സ്ഥാപിക്കൽ(214/21) | 212815 | മെയിന്റനൻസ് ഗ്രാന്റ് |
| 8 | ഗാർഡൻ സജ്ജീകരിക്കൽ (187/21) | 280850 | വികസന ഫണ്ട് |
| 9 | പി.എച്ച്.സി. ഇൻറീരിയർ വർക്സ് ആൻറ് പാർട്ടീഷൻസ് (218/21) | 9,71,725 | തനത് ഫണ്ട് |
| 10 | പി.എച്ച്.സി. വൈദ്യുതീകരണം (221/21) | 2,99,276 | വികസന ഫണ്ട് |
| 11 | പി.എച്ച്.സി.യിലേക്ക് മോട്ടോറും ടാങ്കും വാങ്ങൽ (294/21) | 61,110 | വികസന ഫണ്ട് |
| 12 | ചെമ്മലശ്ശേരി എഫ്.എച്ച്.സി.ഇൻറീരിയർ വർക്ക് പൂർത്തീകരണം (330/21) | 2,77,450 | വികസന ഫണ്ട് |
| 13 | പി.എച്ച്.സി. ഇൻറീരിയർ വർക്സ് ആൻറ് പാർട്ടീഷൻസ് | 1,07,500 | തനത് ഫണ്ട് |
| 14 | പി.എച്ച്.സി പുതിയ കെട്ടിടം ജനൽ വാതിൽ നിർമ്മാണം (213/21) | 266675 | തനത് ഫണ്ട് |

| | | | |
|---|---|---|---|
| | | 3325 | മെയിന്റനൻസ് ഗ്രാന്റ് |
| 15 | പി.എച്ച്.സി പാർക്കിംഗ് ഗ്രൗണ്ട് | 100000 | തനത് ഫണ്ട് |
| | ആകെ | 7306025 | |

മേൽ പ്രവൃത്തികൾ നടപ്പിലാക്കിയത് മൂലം കുടുംബാരോഗ്യകേന്ദ്രത്തിന് മികച്ച കെട്ടിടം,ലബോറട്ടറി, ഫാർമസി,വിശ്രമ കേന്ദ്രം തുടങ്ങിയ മികച്ച അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ മാതൃകപരമായ പ്രവർത്തനമാണ് ഭരണസമിതിയും വികസനസ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തിയിട്ടുള്ളത്. സർക്കാർ ഫണ്ടുകൾ കൂടാതെ പൊതുജന പങ്കാളിത്തത്തോടെയും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ദിനംപ്രതി ശരാശരി 200 രോഗികൾ വരുന്ന ഇവിടെ 4 ഡോക്ടർമാർ ഉൾപ്പെടെ 24 സ്റ്റാഫുകൾ ജോലിചെയ്യുന്നുണ്ട്. കൂടാതെ Evening OP യും പ്രവൃത്തിക്കുന്നു. ശുചിത്വകാര്യത്തിൽ മികച്ച നടപടികളാണ് സ്ഥാപനം സ്വീകരിക്കുന്നത്. ആശുപത്രി കെട്ടിടവും പരിസരവും വൃത്തിയിലും വെടിപ്പിലും സംരക്ഷിക്കുന്നത് തികച്ചും അഭിനന്ദാർഹമാണ്. മുഴുവൻ സമയവും സ്റ്റാഫുകളുടെ സേവനം രോഗികൾക്കു ലഭിക്കുന്നതിനു വേണ്ടി ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതായി എക്സിറ്റ് മീറ്റിൽ അറിയിക്കുയുണ്ടായി.

## 1-16 വീട് വാസയോഗ്യമാക്കൽ പദ്ധതി ഫലപ്രദമല്ല

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ

പ്രൊജക്ട് - വീട് വാസയോഗ്യമാക്കൽ (ജനറൽ)

പ്രൊജക്ട് നമ്പർ- 237/21

അടങ്കൽ- 8,00,000 (തനത്)

ചെലവ്- ചെക്ക് നമ്പർ 230633/24.3.21 :1,40,000

ചെക്ക് നമ്പർ 230645/31.3.21 : 20,000

ആകെ :1,60,000

തികച്ചും വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിന് ജനറൽ വിഭാഗത്തിന് 1,00,000 ,പട്ടികജാതി/പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് 1,50,000 രൂപ വീതം ധനസഹായം ചെയ്യാവുന്ന വിധത്തിലാണ് സബ്സിഡി മാർഗ്ഗരേഖയിൽ വിഭാവനം ചെയ്തിട്ടുള്ളത്. മേൽ പ്രൊജക്ട് പ്രകാരം 20,000 രൂപ വീതം ഗുണഭോക്താക്കൾക്ക് സഹായം അനുവദിച്ചിരിക്കുകയാണ്. നാമമാത്ര അറ്റകുറ്റപ്പണികളാണ് പ്രസ്തുത ഗുണഭോക്താക്കൾ നടത്തിയിരിക്കുന്നത് എന്ന് ഇതിൽ നിന്നും മനസ്സിലാകുന്നു. സബ്സിഡി മാർഗ്ഗരേഖയിൽ വിഭാവനം ചെയ്ത തരത്തിലുള്ള വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിന് പ്രയോജനം ചെയ്യാതെ പ്രൊജക്ട് നടപ്പിലാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 17/23.11.2021) നൽകിയതിന് മാർഗ്ഗരേഖയ്ക്കനുസൃതമായി പദ്ധതി നടപ്പിലാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസൃതമായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 1-17 പി.എച്ച്.സി. ഇൻറീരിയർ വർക്ക് ആൻറ് പാർട്ടീഷൻസ് പ്രവൃത്തി-അപാകതകൾ

1. പ്രൊജക്ട് - പി.എച്ച്.സി. ഇൻറീരിയർ വർക്ക് ആൻറ് പാർട്ടീഷൻസ്

നമ്പർ - S0290/2020

അടങ്കൽ - 11,07,951 (1,07,951 – തനത് ഫണ്ട്, 10,00,000 – ഫിനാൻസ് കമ്മീഷൻ ഗ്രാൻറ്)

2. പ്രൊജക്ട് - പി.എച്ച്.സി. ഇൻറീരിയർ വർക്ക് ആൻറ് പാർട്ടീഷൻസ്

നമ്പർ - S0218/2021

അടങ്കൽ - 10,00,000 – തനത് ഫണ്ട്

വൗച്ചർ നമ്പർ 22000129/11-05-2020 : 1,07,500

വൗച്ചർ നമ്പർ 22000137/14-05-2020 : 4,70,257

വൗച്ചർ നമ്പർ 22000197/10-06-2020 : 4,83,600

3. പ്രൊജക്ട് - ചെമ്മലശ്ശേരി എഫ്.എച്ച്.സി. ഇൻറീരിയർ വർക്ക് പൂർത്തീകരണം

നമ്പർ - S0330/2021

അടങ്കൽ - 3,00,000 (2,80,000- വികസന ഫണ്ട് ജനറൽ 20,000 – തനത് ഫണ്ട്)

ബിൽ നം. 27/19-02-2021 : 2,77,450

2019-20 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പി.എച്ച്.സി. ഇൻറീരിയർ വർക്ക് ആൻറ് പാർട്ടീഷൻസ് എന്ന ക്രമ നമ്പർ (1) ലെ പ്രവൃത്തിക്ക് കെ.പി.എം. എൻറർപ്രൈസസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ആണ് 10-03-2020 ലെ 2(9)-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് അംഗീകരിച്ചത്. എ2/3595/02/2020/12-03-2020 പ്രകാരം വർക്ക് ഓർഡർ നൽകുകയും 05/19-20/14-03-2020 ാം നമ്പർ പ്രകാരം പ്രസ്തുത സ്ഥാപനവുമായി കരാർ വെക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

എ) കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ 6 പ്രകാരം വിശദമായ പ്ലാനും എസ്റ്റിമേറ്റും ഗ്രാമ പഞ്ചായത്ത് എഞ്ചിനീയറുടെ മേൽ നോട്ടത്തിൽ തയ്യാറാക്കേണ്ടതാണ്. എന്നാൽ അപ്രകാരം പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടില്ല. പ്രവൃത്തിക്ക് സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടില്ല.

ബി) ടെണ്ടറിൽ പങ്കെടുത്ത കെ.പി.എം. എൻറർപ്രൈസസ്, ഇംപാക്ട് എൻറർപ്രൈസസ് എന്നീ രണ്ട് സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ഫോറം വില ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

സി) ക്രമ നമ്പർ (1) പ്രകാരം 2019-20ൽ തയ്യാറാക്കിയ പ്രൊജക്ടിന് തൻവർഷം തുകകളൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ 2020-21ൽ (11-05-2020) പ്രൊജക്ട് തയ്യാറാക്കാതെ 2019-20ൽ ചെയ്ത പ്രവൃത്തിയുടെ പാർട്ട് ബിൽ തുക എന്ന് രേഖപ്പെടുത്തി 1,07,500 രൂപ കെ.പി.എം. എൻറർപ്രൈസസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 2020-21ൽ പുതിയതായി ഒരു പ്രൊജക്ട് (S0218/2021) തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ അടങ്കലിൽ ഈ തുക ഉൾപ്പെടുന്നില്ല

ഡി) 2019-20ൽ ചെയ്ത പ്രവൃത്തികളുടെ തുടർച്ചക്കായി 2020-21ൽ ക്രമനമ്പർ (2) പ്രകാരം പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. സ്പിൽ ഓവറായല്ല, പുതിയ പ്രൊജക്ടായാണ് ആയത് തയ്യാറാക്കിയിരിക്കുന്നത്. മുൻവർഷത്തിൽ ചെലവഴിക്കാത്ത 10,00,000രൂപ ഫിനാൻസ് കമ്മീഷൻ ഗ്രാൻറിന് പകരം തനത് ഫണ്ട് 10,00,000 രൂപയാണ് അതിൽ വകയിരുത്തിയിട്ടുള്ളത്. 2020-21ലെ പുതിയ പ്രൊജക്ടിനായി ടെണ്ടർ നടപടികൾ സ്വീകരിക്കാതെ 2019-20ലെ പ്രവൃത്തികൾ ചെയ്ത സ്ഥാപനത്തിന് തന്നെ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്.

ഇ) പി.എച്ച്.സി. ഇൻറീരിയർ വർക്ക് ആൻറ് പാർട്ടീഷൻസ് എന്ന പ്രവൃത്തിയുടെ അസി.എഞ്ചിനീയർ, LSGD സാക്ഷ്യപ്പെടുത്തിയ ആകെ പ്രവൃത്തി മൂല്യം 10,76,936 രൂപയാണ്. ആയതിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട 2%GST, 1%IT, 1% KCWWF എന്നിവ (ആകെ 4% : 43,077 രൂപ) കുറവ് ചെയ്ത് 10,33,859 രൂപയാണ് നൽകാവുന്നത്. എന്നാൽ കെ.പി.എം. എൻറർപ്രൈസസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിന് 10,61,357 രൂപ നൽകിയിട്ടുണ്ട്.

എഫ്) കെ.പി.എം. എൻറർപ്രൈസസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

ജി) ദ കേരള ഫിനാൻസ് ആക്ട് 2018ലെ 4 എ(എഫ്) പ്രകാരം കരാർ തുകയുടെ (10,79,225) 0.1 % മൂല്യമുള്ള മുദ്രപ്പത്രത്തിലാണ് കരാർ ചമയ്ക്കേണ്ടത് എന്നാൽ 200 രൂപയുടെ മുദ്രപ്പത്രത്തിലാണ് കരാർ എഴുതിയിട്ടുള്ളത്.

എച്ച്) പി.എച്ച്.സി. ഇൻറീരിയർ വർക്ക് ആൻറ് പാർട്ടീഷൻസ് എന്ന പ്രവൃത്തി പ്രൊജക്ട് നിർദ്ദേശപ്രകാരം പൂർത്തിയായതായി മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ക്രമ നമ്പർ (3) പ്രകാരം ഇൻറീരിയർ വർക്ക് പൂർത്തീകരണം എന്ന പ്രൊജക്ട് തയ്യാറാക്കുകയും ക്വീൻസ് ഇൻറീരിയേഴ്സ്, പുലാമന്തോൾ എന്ന സ്ഥാപനത്തിന് 2,77,450 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടിന്റെ ആവശ്യകത വിശദീകരിക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.10/22.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 കുടിവെള്ള വിതരണം-അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്

വൗച്ചർ നമ്പർ 22000183/05-06-2020 : 3,77,828

വൗച്ചർ നമ്പർ 22000327/23-07-2020 : 4,80,000

വൗച്ചർ നമ്പർ 22000328/23-07-2020 : 1,62,030

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 31,21,700 ലിറ്റർ കുടിവെള്ളം വിതരണം ചെയ്തതിന്റെ ചെലവ് തുക നൽകുന്നതിനായി മേൽ വൗച്ചറുകൾ പ്രകാരം 10,30,161 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ നിന്ന് IT ഇനത്തിൽ 1% 10,303രൂപ കുറവ് ചെയ്ത് 10,19,858 രൂപ ശ്രീ. പ്രദീഷ് കെ, കൈരളി ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ, പെരിന്തൽമണ്ണക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ

ലഭ്യമാക്കേണ്ടതാണ്-

1. 11-04-2020ലെ എ2-2550/2020-ാം നമ്പർ ക്വട്ടേഷൻ/ടെണ്ടർ പരസ്യം പ്രകാരം ലഭ്യമായ ക്വട്ടേഷനുകളിൽ ലിറ്ററിന് 28 പൈസ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.രതീഷ് കാവുംപുറത്ത്, കുന്നപ്പള്ളിയുടെ ക്വട്ടേഷനാണ് പഞ്ചായത്ത് സ്റ്റിയറിംഗ് കമ്മിറ്റിയുടെ 18-04-2020ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.രതീഷ് കാവുംപുറത്ത്, കുന്നപ്പള്ളിക്ക് 18-04-2020ലെ ബി-4/2602/2020 പ്രകാരം സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കില്ല എന്ന് അറിയിച്ച് ടിയാൻ പിൻമാറുകയാണുണ്ടായത്. ശേഷം, തൊട്ട് മുകളിൽ നിരക്ക് ക്വാട്ട് ചെയ്ത (33പൈസ/ലിറ്റർ) ശ്രീ.പ്രദീഷ് കെ, കൈരളി ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ, പെരിന്തൽമണ്ണക്ക് 19-04-2020ലെ ബി-4/2601/2020 പ്രകാരം സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ 20-05-2020ലെ 7(1)-ാം നമ്പർ തീരുമാന പ്രകാരമാണ് ഗ്രാമപഞ്ചായത്ത് ഭരണസമിതി ആയത് അംഗീകരിക്കുന്നത്. ക്വട്ടേഷനിൽ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി പിൻമാറിയത് മൂലം 1,56,085 രൂപ (10,30,161-8,74,076) യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

2. KL-10 Z 4630, KL-51 H 2024, KL-10 P 5391, KL-53 1784 എന്നീ വാഹനങ്ങളിലാണ് ശ്രീ. പ്രദീഷ് കെ, കൈരളി ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ, പെരിന്തൽമണ്ണ എന്ന വ്യക്തി കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളത്. ടിയാന് സപ്ലൈ ഓർഡർ നൽകുന്നത് 19-04-2020നാണ്. എന്നാൽ 18-04-2020ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ ബി-4/2601/2020-ാം നമ്പർ കത്തിൽ കുടിവെള്ളം അനുവദിച്ച് തരാൻ അഭ്യർത്ഥിച്ചിട്ടുള്ളത് മേൽ വാഹനങ്ങളിൽതന്നെയാണ്. ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി പിൻമാറുകയും അദ്ദേഹം നൽകിയ ലിസ്റ്റ് പ്രകാരമുള്ള വാഹനങ്ങൾ ഉപയോഗിച്ച് തന്നെ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ വ്യക്തി കുടിവെള്ള വിതരണം നടത്തുകയും ചെയ്തത് ടെണ്ടർ നടപടിക്രമങ്ങളെ ദുരുപയോഗം ചെയ്ത് പൊതുപണം അനർഹമായി കൈപ്പറ്റുന്നതിനുള്ള രീതിയായി ഓഡിറ്റ് വിലയിരുത്തുന്നു.

അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.20/24.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ അപാകതകൾ

1. പ്രൊജക്ട് - സ്ട്രീറ്റ് ലൈറ്റ് റിപ്പയർ എൽ.ഇ.ഡി (എ.എം.സി)

നമ്പർ - S0222/2021

അടങ്കൽ - 1,75,000 (തനത് ഫണ്ട്)

വൗച്ചർ നമ്പർ 22000595/23-10-2020 : 1,55,750

2. പ്രൊജക്ട് -സ്ട്രീറ്റ് ലൈറ്റ് റിപ്പയർ സി.എഫ്.എൽ (എ.എം.സി)

നമ്പർ - S0223/2021

അടങ്കൽ - 3,75,000 (തനത് ഫണ്ട്)

വൗച്ചർ നമ്പർ 22000159/28-05-2020 : 2,56,500

2020-21ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് റിപ്പയറിനായുള്ള മേൽ പ്രൊജക്ടുകൾ പ്രകാരം ശ്രീ. കെ.പി. അബ്ദുൽ റഷീദ് എന്ന കോൺട്രാക്ടർക്ക് തുകകൾ നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു-

1. കരാറുകാരന് ഗഡുക്കളായി തുക അനുവദിച്ചപ്പോൾ 1% KCWWF കുറവു ചെയ്തിട്ടില്ല.

2. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്താനുള്ള, പരാതി രജിസ്റ്ററിൽ പരാതികളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

3. വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിൽ മുഴുവൻ വിളക്കുകളും റിപ്പയർ ചെയ്തു എന്നല്ലാതെ, എത്ര വിളക്കുകൾ റിപ്പയർ ചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടില്ല.

4. പ്രവൃത്തി നടത്തുന്നതിന് KSEBയിൽ നിന്നും അനുവാദം ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5. ഉപയോഗ ശൂന്യമായ വിളക്കുകളും അനുബന്ധ സാമഗ്രികളും ഗ്രാമ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.9/22.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ മുഴുവൻ അപാകതകളും പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

## 1-20 അധികമായി പിൻവലിച്ച 14,090 രൂപ തിരികെ ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1. പ്രൊജക്റ്റ് - മിനിമാസ്റ്റ് ലൈറ്റുകളും തെരുവ് വിളക്കുകളും സ്ഥാപിക്കൽ

നമ്പർ - S0288/2021

അടങ്കൽ - 8,22,000 (8,21,300- ധനകാര്യ കമ്മീഷൻ അവാർഡ്, 700- തനത് ഫണ്ട്)

ബിൽ നമ്പർ 17/07-07-2020 : 8,05,815

ബിൽ നമ്പർ 46/24-03-2021 : 14,090

2020-21ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റ് പ്രകാരം LED സ്ട്രീറ്റ് ലൈറ്റ്, മിനിമാസ്റ്റ് ലൈറ്റ് എന്നിവ വിതരണം ചെയ്തതിന്റെ വിലയായി KREWS, കാസർഗോഡിന് 8,19,905 രൂപ നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു-

KREWS സപ്ലൈ & ഇൻസ്റ്റാൾ ചെയ്ത ഇലക്ട്രിക് ഉപകരണങ്ങളുടെ ടാക്സ് ഉൾപ്പടെയുള്ള ആകെ വില KREWS/62/19-20 /31-10-2019-ാം നമ്പർ ഇൻവോയ്സ് പ്രകാരം 8,05,815 രൂപയാണ്. ആയതിൽ ടാക്സ് ഒഴികെയുള്ള തുകയുടെ (7,19,478) 2% തുക GST ഇനത്തിൽ TDS ആയി കുറവ് ചെയ്ത് (14,390 രൂപ) 7,91,425 രൂപ KREWS ന് നൽകിയിരുന്നു..

KREWS ലേക്ക് തുക അടവാക്കാൻ ബാക്കിയുള്ള സ്ഥാപനങ്ങൾ കുടിശ്ശിക തുക അടവാക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം 22-09-2020 ലെ ഡി.ഡി.പി-എം.പി.എം/12108/2018-ഡി10/-ാം നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. പുലാമന്തോൾ പഞ്ചായത്തിന്റെ പേരിൽ രേഖപ്പെടുത്തിയ തുക കുടിശ്ശികയല്ല, GST ഇനത്തിൽ TDS ആയി കുറവ് ചെയ്ത് അടവാക്കിയ തുകയാണ് എന്ന് മറുപടി നൽകുന്നതിന് പകരം 14,090 രൂപ കൂടി മേൽ കത്ത് പ്രകാരം KREWSന് നൽകുകയാണ് ചെയ്തത്. ഫലത്തിൽ, മേൽ പ്രൊജക്റ്റിനായി 14,090 രൂപ അധികമായി പിൻവലിച്ചിട്ടുണ്ട്.

അധികമായി KREWSന് നൽകിയ 14090 രൂപ മേൽ സ്ഥാപനത്തിൽ നിന്നീടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.
(14/20-21/22.11.2021-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-21 ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

### 1-21-1 ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 02/21-04-2020 | പ്രൊജക്റ്റ് നം. S0259/2021 : ചെമ്മലശ്ശേരി പള്ള്യാൽ കുളമ്പ് പൈപ്പ് ലൈൻ നീട്ടൽ | 3,70,000 | KWA, മലപ്പുറത്തിൽ നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 2 | 01/21-04-2020 | പ്രൊജക്റ്റ് നം. S0260/2021 : ചെമ്മലശ്ശേരി നീളംകുന്ന് അത്തിക്കോട്ട് പറമ്പ് പൈപ്പ് ലൈൻ നീട്ടൽ | 70,000 | KWA, മലപ്പുറത്തിൽ നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 3 | 06/14-05-2020 | പ്രൊജക്റ്റ് നം. S0263/2021 : | 3,20,000 | KWA, മലപ്പുറത്തിൽ |

| | | | | |
|---|---|---|---|---|
| | | പൂളക്കുന്ന് എസ്.സി.കോളനി പൈപ്പ് ലൈൻ നീട്ടൽ | | നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 4 | 48/31-03-2021 | പ്രൊജക്ട് നം. S0334/2021 : ജലജീവൻ മിഷൻ- വാട്ടർ അതോരിറ്റിയിൽ തുക അടവാക്കൽ | 6,00,000 | KWA, മലപ്പുറത്തിൽ നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |
| | ആകെ | | 13,60,000 | |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.
(13/20-21/22.11.2021-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-21-2 ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22000563/12-10-2020 | പ്രൊജക്ട് നം. S0336/2021 : രണ്ടാംമൈൽ തെക്കേസിറ്റി ത്രീ ഫേസ് ലൈൻ വലിക്കൽ | 1,60,000 | KSEBപുലാമന്തോളിൽ നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |

(13/20-21/22.11.2021-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-22 ചെമ്മലശ്ശേരി എഫ്.എച്ച്.സി. ഇൻറീരിയർ വർക്ക് പൂർത്തീകരണം-- അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് - ചെമ്മലശ്ശേരി എഫ്.എച്ച്.സി. ഇൻറീരിയർ വർക്ക് പൂർത്തീകരണം

നമ്പർ - S0330/2021

അടങ്കൽ - 3,00,000 (2,80,000- വികസന ഫണ്ട് ജനറൽ 20,000 – തനത് ഫണ്ട്)

ബിൽ നം. 27/19-02-2021 : 2,77,450

2020-21 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ക്വീൻസ് ഇൻറീരിയേഴ്സ്, പുലാമന്തോൾ എന്ന സ്ഥാപനത്തിന് 2,77,450 രൂപ നൽകിയിട്ടുണ്ട്. പ്രൊജക്ടിന്റെ നിർവ്വഹണത്തിനായി പരസ്യപ്പെടുത്തിയ ടെണ്ടർ നോട്ടീസ്, പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ്, പ്രസ്തുത പ്രവൃത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം, ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട GST2%, IT, KCWWF എന്നിവ കുറവ് ചെയ്തതിന്റെ വിവരം, 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിൻെറ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.11/22.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ, തുകകൾ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു.

## 1-23 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത്-തുക തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്-

ഏഴ് ഉദ്യോഗസ്ഥർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 15,000രൂപ വീതം നൽകുന്നതിനായി 22000422/24-08-2020-ാം നമ്പർ വൗച്ചർ പ്രകാരം 1,05,000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻ നാളിതു വരെ തുക തിരിച്ചടവാക്കിയിട്ടില്ല.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | ശ്രീ.ഷാജി ജോൺ ജി.എം, ക്ലർക്ക് | 15,000 |

തുക തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.19/24.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് അറിയിച്ചു.

## 1-24 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ 100 ശതമാനം കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന റിലയൻസ് (3/51 B) മൊബൈൽ ടവറിന്റെ 2019-20, 2020-21 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല.

| സാമ്പത്തിക വർഷം | അർദ്ധ വർഷം | അസസ് ചെയ്ത നികുതി | അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 2019-20 | ഒന്നാം അർദ്ധ വർഷം | 9450 | അടവാക്കിയിട്ടുണ്ട് |
| 2019-20 | രണ്ടാം അർദ്ധ വർഷം | 9450 | 5907 |
| 2020-21 | ഒന്നാം അർദ്ധ വർഷം | 9450 | 9450 |
| 2020-21 | രണ്ടാം അർദ്ധ വർഷം | 9450 | 9450 |
| | | ആകെ | 24807 |

ഇതു സംബന്ധിച്ച് നൽകിയ 7/18.11.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പെരിന്തൽമണ്ണ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ (സി.എം.പി 569/2021) പ്രൊസിക്യൂഷൻ നടപടികൾ തുടരുന്നതായും അറിയിച്ചിട്ടുണ്ട്.

## 1-25 എസ്.എസ്.എ. വിഹിതം നൽകൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം അടവാക്കൽ

നം : S002/2021

അടങ്കൽ - 4,00,000 (വികസന ഫണ്ട് )

ബിൽ നം. 04/07-05-2020 : 4,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 4,00,000 രൂപ എസ്.എസ്.എ ജില്ലാ ഓഫീസ്, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 11/2018 തി. 29-01-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.15/23.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 ചെമ്മലശ്ശേരി പി.എച്ച്.സിയിലേക്ക് മരുന്ന വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമല്ല.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | ചെമ്മലശ്ശേരി പി.എച്ച്.സിയിലേക്ക് മരുന്ന വാങ്ങൽ (പ്രോജക്ട് നം. 12/20-21 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡോ.ആഷാ ജലാൽ, മെഡിക്കൽ ഓഫീസർ |
| അടങ്കൽ | 530000/- |
| ചെലവ് തുക | 530000/-(വികസന ഫണ്ട്)<br>ബിൽ നം. 23 തിയ്യതി 06.03.2021 |

മേൽ പ്രോജക്ടിനായി പ്രൊഫോർമ ഇൻവോയ്സ് നം. PRF-4846 തിയ്യതി 27.01.2021 പ്രകാരം 530000/-രൂപ കെ.എം.എസ്.സി.എൽ. തൈക്കാടിന് മരുന്ന വാങ്ങുവാനായി നല്കിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം 520490/-രൂപയുടെ മരുന്നുകൾ മാത്രമാണ് കെ.എം.എസ്.സി.എലിൽ നിന്നും ലഭിച്ചത്. മരുന്ന് ലഭ്യമായതിന്റെ വിവരങ്ങൾ താഴെ നല്കുന്നു.

| ഇൻവോയ്സ് നമ്പറും തിയ്യതിയും | തുക |
|---|---|
| 1802/26.05.21 | 96756 |
| 1804/26.05.21 | 101786 |
| 1805/26.05.21 | 19882 |
| 1865/27.05.21 | 80513 |
| 203/06.06.21 | 83190 |
| 2978/26.06.21 | 48292 |
| 5798/07.09.21 | 88055 |
| 702/24.09.21 | 2016 |
| ആകെ | 520490 |

അവശേഷിക്കുന്ന 9510/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (Audit Enquiry No. 2/ 20-21 Dated 18.11.21) 19.11.2021ന് ലഭിച്ച മറുപടിയിൽ മരുന്ന് ലഭിച്ചാൽ ആ വിവരം ഓഡിറ്റിനെ അറിയിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. 9510/- രൂപയുടെ മരുന്ന് ലഭ്യമായാൽ അക്കാര്യം അറിയിക്കേണ്ടതാണ്.

## 1-27 കുടിവെള്ള പദ്ധതിക്ക് വാട്ടർ ചാർജ് അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ജല അതോറിറ്റി നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതിക്ക് വാട്ടർ ചാർജ് അടവാക്കി വരുന്നുണ്ട്. ഇത് സംബന്ധിച്ച് സ.ഉ(സാ)1275/2009/ ത.സ്വ.ഭ.വ. തിയ്യതി- 30-05-2009 ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനം ജല അതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ , പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ കണക്കുകൾ ശേഖരിച്ച് അതിനനുസൃതമായാണോ പണം ലഭിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഓരോ മാസവും ജല അതോറിറ്റി

സമർപ്പിക്കുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ 87,938/-രൂപ (201 ടാപ്പുകൾക്ക്) വീതം ജല അതോറിറ്റിയിൽ അടവാക്കുന്നുണ്ട്. ആയത് പരിശോധിക്കുന്നതിന് ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

1. ഗ്രാമപഞ്ചായത്തിൽ ആകെ പരിപാലിച്ചുവരുന്ന പൊതു ടാപ്പുകളുടെ കൃത്യമായ എണ്ണം സംബന്ധിച്ച രജിസ്റ്റർ.

2. സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.

മേൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
20/20-21/24.11.2021-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-28 താവുള്ളിത്തോട് നീർത്തട വികസന പദ്ധതി.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | താവുള്ളിത്തോട് നീർത്തട വികസന പദ്ധതി.<br>(പ്രോജക്ട് നം. SO.295/20-21) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീ. മണികണ്ഠൻ, കൃഷി ഓഫീസർ |
| അടങ്കൽ | 3257500/- |
| ചെലവ് തുക | 141367/-തനതു ഫണ്ട്<br>ചെക്ക് നം. 2818395 തിയ്യതി 14.07.20 |

മേൽ പ്രോജക്ടിന്റെ വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ വിവരം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വറിയ്ക്ക് (Audit Enquiry No.6/ 20-21 Dated 18.11.21)മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ മുൻ വർഷങ്ങളിലേയും നടപ്പ് വർഷത്തേയും പ്രവർത്തനവും, തൻവർഷം ചെലവഴിച്ച തുകയുടെ വിവരങ്ങളും പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-29 പരിരക്ഷാ പാലിയേറ്റീവ് കെയർ-മുഴവൻ മരുന്നുകളും ലഭ്യമല്ല-176928/- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | പരിരക്ഷാ പാലിയേറ്റീവ് കെയർ<br>(പ്രോജക്ട് നം. 10/20-21 |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ |
| അടങ്കൽ | 667000/- |
| ചെലവ് തുക | 630264/-<br>545500/-(വികസന ഫണ്ട്)<br>84764/-(തനതു ഫണ്ട്) |

മേൽ പ്രോജക്ടിനായി പ്രൊഫോർമ ഇൻവോയ്സ് നം. PRF-4850 തിയ്യതി 27.01.2021 പ്രകാരം 200000/-രൂപ(ബിൽ നം. 22 തിയ്യതി 06.03.2021) കെ.എം.എസ്.സി.എൽ. തൈക്കാടിന് മരുന്ന വാങ്ങുവാനായി നല്കിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ ഇൻവോയ്സ് നം. 6662/24.09.21 പ്രകാരം 23072/-രൂപയുടെ മരുന്നുകൾ മാത്രമാണ് കെ.എം.എസ്.സി.എലിൽ നിന്നും ലഭിച്ചത്. അവശേഷിക്കുന്ന 176928/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ സ്വീക്കരിച്ച നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (Audit Enquiry No. 3/20-21 Dated 18.11.21) ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും 19.11.2021 ലഭിച്ച മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ച വരികയാണെന്നും മരുന്ന് ലഭ്യമായാൽ ആ വിവരം ഓഡിറ്റിന് അറിയിക്കാമെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതു വരെ അവശേഷിക്കുന്ന തുക 176928/- തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികൾ OH ഈടാക്കിയില്ല.

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകിയപ്പോൾ ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 5% തുക മുഴുവനായും കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് വഴി ഗ്രാമ പഞ്ചായത്തിന് 34709രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികമായി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ ഈ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വാറ്റ് ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്. ഇത്തരത്തിൽ ഗുണഭോക്തൃ സമിതിക്ക് അന്യായമായി തുക അനുവദിക്കുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 5% തുക ഒഴിവാക്കിയാണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. ഈ ഇനത്തിൽ അധികം നൽകിയ തുക ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്ന് ഈടാക്കിയതായി കാണുന്നില്ല..
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | ബാക്കി |
|---|---|---|---|---|
| വളപുരം യു.പി സ്കൂൾ കിണർ നവീകരണം (315/21)<br>അടങ്കൽ 100000<br>ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>ബിൽ നം.145/12.1.21 തുക 100000 | 89285 (GST ഒഴിവാക്കിയ തുക) | 4464<br>(5%) | 0 | 4464 |

| | | | | |
|---|---|---|---|---|
| അളവ് പുസ്തകം 208/19-20<br>കൺവീനർ ശ്രീ.അച്യുതൻ എ.കെ | | | | |
| പൊട്ടിപ്പാറ അംഗൻവാടി നിർമ്മാണം(66/21)<br>അടങ്കൽ -1050000<br>ഫണ്ട്<br>ബ്ളോക്ക് -500000<br>തനത് -550000<br>ആകെ തുക -668436<br>ബിൽ 109/24.8.20 തുക 315427<br>ബിൽ 185/20.1.21 തുക 184573<br>ചെക്ക് നം.1012747 തുക 168436 | 604901 (GST ഒഴിവാക്കിയ തുക) | 30245 | 0 | 30245 |

തുക ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.8/22.11.21 ന് 1.3.2019 ലെ സംസ്ഥാന ധനകാര്യ വകുപ്പിന്റെ 18/2019/fin സർക്കുലറിന്റെ അടിസ്ഥാനത്തിൽ DSR 2016 നിരക്കിൽ VAT Component ഒഴിവാക്കിയ കോസ്റ്റ് ഇൻഡക്സ് ആണ് 31.06 എന്ന മറുപടിയാണ് ലഭ്യമാക്കിയത്.ചുവടെ കാണിച്ച കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

27.2.2016ലെ GO(P) 30/2016 നമ്പർ ഉത്തരവ് പ്രകാരമാണ് കൺവീനർമാർക്ക് 7.5% ഓവർഹെഡ് അനുവദിച്ച് ഉത്തരവായത്. പ്രസ്തുത ഉത്തരവിൽ കൺവീനർമാർ നൽകേണ്ട നികുതികൾ പ്രസ്തുത തുകയിൽ നിന്നും ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയാണ് കൺവീനർമാർ അടവാക്കേണ്ടത്. 01.07.2017 ന് ശേഷം GST നിലവിൽ വന്നതിനാൽ ഇപ്പോൾ വാറ്റ് അടവാക്കേണ്ടതില്ലെന്നും വാറ്റ് അടവാക്കാനായി വകയിരുത്തിയ 5% തുക കുറവ് ചെയ്ത് കൺവീനർമാർക്ക് തുക നൽകിയാൽ മതിയെന്ന് ചീഫ് എഞ്ചിനീയർ 16.3.2018ലെ കത്തിൽ വ്യക്തമാക്കിയതാണ്. ഈ പ്രവൃത്തിയുടെ കൺവീനർ GST രജിസ്ട്രേഷൻ എടുത്തിട്ടുള്ളതിനാൽ 12% തുക മൂല്യ നിർണ്ണയ തുകയോടൊപ്പം കൺവീനർക്ക് നൽകിയിട്ടുള്ളതുമാണ്.

OH ന പുറമെ GST 12% കൂടി അനുവദിക്കുന്നതിനാൽ മറുപടി സ്വീകാര്യമല്ല. തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2020-21 | 10.11.2021 മുതൽ 24.11.2021 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്/നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 476600 | നെൽകൃഷി വികസനം (8) | 476600 | 00 |
| | 251017 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (24) | 251017 | |
| | 500000 | പൊട്ടിപ്പാറ അംഗനവാടി നിർമ്മാണം (241) | 500000 | |
| | 488400 | വയോജനങ്ങൾക്ക് കട്ടിൽ (241) | 488400 | |
| | 701250 | നെൽകൃഷി വികസനം (242) | 701250 | |
| | 275000 | പാലിന് സബ്സിഡി (244) | 275000 | |
| | 420000 | ലൈഫ് മിഷൻ (ജനറൽ) 282 | 420000 | |
| | 580000 | ലൈഫ് മിഷൻ (എസ്.സി) | 580000 | |
| ആകെ | 3692267 | | 3692267 | 00 |
| ജില്ലാ പഞ്ചായത്ത് | 476600 | നെൽകൃഷി വികസനം (8) | 476600 | 00 |
| | 400000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (24) | 400000 | 00 |
| | 300000 | മെറിറ്റോറിയസ് സ്കോളർഷിപ്പ് | 300000 | |
| | 2920000 | ലൈഫ് മിഷൻ (ജനറൽ) 282 | 2920000 | |
| | 850000 | ലൈഫ് മിഷൻ (എസ്.സി) | 850000 | |
| ആകെ | 4946600 | | 4946600 | |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | യുള്ള തുക |
| കേരള വാട്ടർ അതോറിറ്റി | ചെമല്ലശ്ശേരി പള്ള്യാൽ കുളമ്പ് പൈപ്പ് നീട്ടൽ | 22000641 | 370000 | 370000 | പൂർത്തീകരിച്ചു | |
| കേരള വാട്ടർ അതോറിറ്റി | ചെമ്മലശ്ശേരി നീളംകുന്ന് അത്തിക്കോട്ട് പറമ്പ് പൈപ്പ് ലൈൻ നീട്ടൽ | 22000640 | 70000 | 70000 | പൂർത്തീകരിച്ചു | |
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ-വാട്ടർ അതോറിറ്റിയിൽ തുക അടവാക്കൽ | 22001406 | 600000 | 600000 | പൂർത്തീകരിച്ചു | |
| കേരള വാട്ടർ അതോറിറ്റി | കിഴക്കേക്കര കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 22000800, 22000805 | 397501 | 397501 | പൂർത്തീകരിച്ചു | |
| കേരള വാട്ടർ അതോറിറ്റി | മുതരിപ്പറ്റ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 22001024, 22001419 | 455647 | 455647 | പൂർത്തീകരിച്ചു | |
| കേരള വാട്ടർ അതോറിറ്റി | ചെമ്മല കക്കുന്നകുളമ്പ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 22001302 | 240205 | 240205 | പൂർത്തീകരിച്ചു | |
| | ആകെ | | 2133353 | | | |
| കെ.എസ്.ഇ.ബി. | രണ്ടാം മൈൽ തെക്കേസിറ്റി ത്രീഫൈസ് ലൈൻ വലിക്കൽ | 22000563 | 160000 | 160000 | പൂർത്തീകരിച്ചു | |
| | ആകെ | | 160000 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | തൻവർഷം ലഭിച്ച തുക | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചട | തൻവർഷം അടച്ചത് | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|

| | | | | | സ്ഥാനമുള്ള മുൻ ബാക്കി | മുതൽ | പലിശ | |
|---|---|---|---|---|---|---|---|---|
| 01 | LIFE - KURDFC | 11000000 | ലഭ്യമല്ല | 58606390 | 46018156 | 3980863 | 00 | 53037293 |
| | | | | | | | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| തൻവർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം<br>രശീതി നം. 5260 പുലാമന്തോൾ അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 253305 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 19305 |
| ആകെ | 272610 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 272610 |

എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 253305/-രൂപയാണുള്ളത്. പലിശയായി ലഭിച്ച 19305/-ഉൾപ്പെടുത്തിയിട്ടില്ല. സ്ഥിര നിക്ഷേപ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 117717321 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 110528164 |
| വരവിനങ്ങളുടെ നഷ്ടം | 00 |
| ചെലവിനങ്ങളുടെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 34709 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1696928 |

ബി പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | | |
|---|---|---|---|
| നം. | | | ഉദ്യോഗപ്പേരും |
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്ന | |
| 3-1 | | 34709 | മുഹമ്മദ് അസ് ലഹ്, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 15,20,000 | ശ്രീ. മധുസൂദനൻ, സെക്രട്ടറി |
| 1-29 | 1,76,928 | ഡോ. ദൃശ്യ.വി.എസ്, മെഡിക്കൽ ഓഫീസർ |
| | 16,96,928 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാറുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.
ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/നഷ്ടത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മുഹമ്മദ് അസ്‌ലാഹ്, അസി.എഞ്ചിനീയർ | L.S.,G.D.Sub Division, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് | പാലപ്ര വീട്, പന്തല്ലൂർ പി.ഒ. മലപ്പുറം ജില്ല. പിൻ 676521 |
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവര | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1994-95, 95-96 | എൽ.എഫ്.എം.14/1010/97/19-10-2010 | 21 |
| 1997-98 | എൽ.എഫ്.എം.13/3275/14/11-12-14 | 07 |
| 1998-99 | എൽ.എഫ്.എം.13/3276/14/11-12-14 | 08 |
| 1999-2000 | എൽ.എഫ്.എം.13/3277/14/11-12-14 | 8 |
| 2000-01 | എൽ.എഫ്.എം.13/3278/14/11-12-14 | 03 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.11/1402/03/21-05-19 | 11 |
| 2001-02 (വരവ്) | എൽ.എഫ്.എം.1010/09/19-10-10 | 3 |
| 02-03 | എൽ.എഫ്.എം.12/583/08/19-10-10 | 14 |
| 03-04 | എൽ.എഫ്.എം.12/584/08/19-10-10 | 4 |
| 04-05 | എൽ.എഫ്.എം.17/1822/10/01-12-10 | 3 |
| 05-06 | എൽ.എഫ്.എം.12/586/08/19-10-10 | 9 |
| 06-07 | എൽ.എഫ്.എം.12/587/08/19-10-10 | 15 |
| 07-08 | എൽ.എഫ്.എം.12/1332/11/21-11-11 | 15 |
| 08-09 | എൽ.എഫ്.എം.12/1333/11/11-10-11 | 19 |
| 09-10, 10-11 | എൽ.എഫ്.എം.13/2532/13/17-01-14 | 17 |
| 11-12, 12-13 | കെ.എസ്.എ.എം.പി.എം.13/2745/15 /22.04.16 | 23 |
| 13-14, 14-15 | കെ.എസ്.എ.എം.പി.എം.27/1811/18 /16.10.18 | 25 |
| 15-16 | കെ.എസ്.എ.എം.പി.എം.27/2999/16 /09.01.17 | 12 |
| 16-17 | കെ.എസ്.എ.എം.പി.എം.27/1155/19 /01.06.19 | 12 |
| 17-18 | കെ.എസ്.എ.എം.പി.എം.27/53/19 /11.07.19 | 18 |
| 18-19 | കെ.എസ്.എ.എം.പി.എം.27/12/20 /19.08.20 | 27 |
| 19-20 | കെ.എസ്.എ.എം.പി.എം.27/2112/21 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്